പതിനാലാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2375** 7-2-2019 ൽ മറുപടിക്ക്

## പൊതുമേഖല സ്ഥാപനങ്ങളിലെ കരാർ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എൻ.ഷംസുദ്ദീൻ** | | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ കാലയളവിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളിലെയും സ്വയംഭരണ സ്ഥാപനങ്ങളിലെയും രണ്ടാംനിര എക്സിക്യൂട്ടീവ് തസ്തികകളിൽ നിന്ന് വിരമിച്ചവർക്ക് അതേ തസ്തികയിൽ തന്നെ കരാർ നിയമനം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് നിയമനം നൽകിയിട്ടുള്ളത്; ഏതെല്ലാം തസ്തികകളിൽ ആർക്കെല്ലാമാണ് നിയമനം നൽകിയിട്ടുള്ളത് എന്നതിന്റെ വിശദവിവരങ്ങൾ നൽകുമോ; | (ബി) | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ടെക്സ്ഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കാണ് നിയമനം നൽകിയിട്ടുള്ളത്.<br><br>കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ നിന്നും 31/05/2018 ൽ അസിസ്റ്റന്റ് മാനേജർ (പ്രോജക്ട്) ആയി വിരമിച്ച ശ്രീ.എം. സി.ഗോപിനാഥിനെ കമ്പനിയിൽ കരാർ അടിസ്ഥാനത്തിൽ അതേ തസ്തികയിൽ നിയമിച്ചിട്ടുണ്ട്.<br><br>സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൽ ഡി ജി എം ഫിനാൻസ് തസ്തികയിലേയ്ക്ക് ഡി.രാമസ്വാമിക്കും മാനേജർ എച്ച് ആർ ഡി തസ്തികയിൽ ശ്രീ.എം എം ഗോപിനാഥനും ആണ് നിയമനം നൽകിയിട്ടുള്ളത്.<br><br>ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ Purchase & store വിഭാഗത്തിലെ അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ എന്ന തസ്തികയിൽ നിന്ന് വിരമിച്ച ശ്രീ.ബാലഗോപാലിനെ , കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |

ടെക്സ്ഫെഡിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ശ്രീ.വി.ധർമരാജ്, ജി എം 20.4.2014 ൽ 58 വയസ്സ് പൂർത്തിയായതിനുശേഷവും ജോലി ചെയ്യുന്നുണ്ട്. പ്രസ്തുത തസ്തികയിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഇപ്രകാരം നിയമനം നൽകുന്നത് കീഴ്ജീവനക്കാരുടെ ഉദ്യോഗക്കയറ്റത്തെ ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ? | (സി) | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ടെക്സ്ഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലെ കീഴ്ജീവനക്കാരുടെ ഉദ്യോഗക്കയറ്റത്തെ ബാധിക്കുന്ന നിയമനങ്ങൾ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ